## പത്രക്കുറിപ്പ്

# വ്യാജരേഖ ചമച്ച് കോടതിയിൽ നിന്നും ജാമ്യം നേടിയ കേസിൽ ഒരാൾ അറസ്റ്റിൽ

## വീട്ടിൽ അതിക്രമിച്ച് കയറി യുവാവിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം :- വ്യാജ കരംതീരുവ രസീത് നിർമ്മിച്ച് കോടതിയിൽ ഹാജരാക്കി റിമാൻഡ് പ്രതിയെ ജാമ്യത്തിൽ ഇറക്കിയ കേസിലെ പ്രതികളിൽ ഒരാളെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. നെടുമങ്ങാട് ഉത്തരംകോട് മണ്ണൂകുഴി വീട്ടിൽ ജയകുമാർ (56)-നെയാണ് വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്തത്.

2019-ലാണ് സംഭവം നടന്നത്. ബഹു. തിരുവനന്തപുരം ജൂഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയിലിരുന്ന കേസിൽ അറസ്റ്റിലായി റിമാൻഡിൽ കഴിഞ്ഞ് വരികയായിരുന്ന പൂവച്ചൽ സ്വ ദേശി കരുണിനെ ജാമ്യത്തിൽ ഇറക്കുന്നതിനായി ജയകുമാർ ഉൾപ്പെട്ട നാലംഗസംഘം നെല്ലനാട്, വെള്ളറട എന്നീ വില്ലേജ് ഓഫീസുകളുടെ വ്യാജ കരംതീരുവ രസീത് നിർമ്മിച്ച്



വഞ്ചിയൂർ പോലീസ് അറസ്റ്റ് ചെയ്ത ജയകുമാർ (56)

കോടതിയിൽ സമർപ്പിച്ച് ജാമ്യം നേടിയെടുക്കുകയായിരുന്നു. രേഖകൾ വ്യാജമാണെന്ന് കണ്ടെത്തിയതിനെ തുടർന്ന് കോടതിയിലെ ജൂനിയർ സൂപ്രണ്ട് നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് വഞ്ചിയൂർ പോലീസ് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചത്. ഒളിവിൽ ആയിരുന്ന പ്രതികളെ അന്വേഷിച്ചുവരവെ ശംഖുമുഖം അസ്സിസ്റ്റന്റ് കമ്മീഷണർ ഡി.കെ.പൃഥ്വിരാജിന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വഞ്ചിയൂർ എസ്.എച്ച്.ഒ ഡിപിൻ, എസ്.ഐ-മാരായ ഉമേഷ്, പ്രജീഷ് കുമാർ, അനിൽ കുമാർ, സി.പി.ഒ-മാരായ രതീഷ്, പ്രഭിത് എന്നിവരടങ്ങിയ പോലീസ് സംഘമാണ് രണ്ടാം പ്രതിയായ ജയകുമാറിനെ അറസ്റ്റ് ചെയ്തത്. മറ്റ് മൂന്ന് പ്രതികളെ പിടികൂടാൻ അന്വേഷണം ഊർജ്ജിതമാക്കിയിട്ടുണ്ട്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## വീട്ടിൽ അതിക്രമിച്ച് കയറി യുവാവിനെ കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച പ്രതി പിടിയിൽ

തിരുവനന്തപുരം:- യുവാവിന്റെ വീട്ടിൽ അതിക്രമിച്ച് കയറി കുത്തിക്കൊലപ്പെടുത്താൻ ശ്രമിച്ച കേസ്സിലെ പ്രതിയെ പോലീസ് പിടികൂടിയതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം ചൊവ്വര ന്യൂഹരിജൻ കോളനിയിൽ അനിൽകുമാർ (42)-നെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്.


വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത അനിൽകുമാർ (42)

ജൂലൈ 3-നാണ് സംഭവം നടന്നത്. രാത്രി 7.30 മണിയോടെ പ്രതി അനിൽ കുമാർ, അയൽവാസിയായ സുധർമജന്റെ വീട്ടിൽ അതിക്രമിച്ച് കയറി ചവിട്ടി വീഴ്ത്തി നിലത്തിട്ട് ഇരുമ്പുകമ്പിക്കഷണം കൊണ്ട് അടിവയറ്റിൽ കുത്തിക്കൊലപ്പെടുത്താൻ ശ്രമിക്കുകയായിരുന്നു. അതിർത്തി മതിൽ കെട്ടുന്നത് സംബന്ധിച്ചുള്ള തർക്കമാണ് ആക്രമണത്തിന് കാരണം. സംഭവത്തിന് ശേഷം ഒളിവിൽ പോയ പ്രതിയെ വിഴിഞ്ഞം എസ്.എച്ച്.ഒ പ്രജീഷ് ശശി, എസ്.ഐ-മാരായ സമ്പത്ത്, വിനോദ്, സി.പി.ഒ-മാരായ അജികുമാർ, കൃഷ്ണകുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അറസ്റ്റ് ചെയ്തത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

തിരുവനന്തപുരം സിറ്റി

13-08-2021

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി